SNTHSS

CHATHANOOR

# E-തരംഗം

2023-2024

# ശ്രീ നാരായണ ട്രസ്റ്റ് ഹയർ സെക്കന്ററി സ്കൂൾ ചാത്തന്നൂർ



വിശ്വഗുരുവായ ശ്രീ നാരായണ ഗുരുവിന്റെ നാമധേയത്തിൽ എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറിയും മുൻ കേരള സംസ്ഥാന മുഖ്യമന്ത്രിയുമായ ശ്രീ. ആർ. ശങ്കർ ആണ് വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കു വേണ്ടി 1952 ആഗസ്ത് 18 ന് ശ്രീ നാരായണ ട്രസ്റ്റ് രൂപീകരിച്ചത്.ശ്രീ നാരായണ ട്രസ്റ്റിന്റെ അധീനതയിലുള്ള ശ്രീ നാരായണ കോളേജുകളിൽ നിന്നും പ്രീ ഡിഗ്രി വേർപെടുത്തിയപ്പോൾ പകരമായി പ്ലസ്സ് 2 കോഴ്സുകൾ ആരംഭിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിന് ബഹുമാനപ്പെട്ട ശ്രീ നാരായണ ട്രസ്റ്റ് സെക്രട്ടറി ശ്രീ വെള്ളാപ്പള്ളി നടേശൻ സ്കൂളുകൾ അനുവദിക്കുന്നതിനുവേണ്ടി അപേക്ഷ നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ GO (p) No.147/2003.G.Edn dated.05/06/2003 ഗവണ്മെന്റെ ഉത്തരവു പ്രകാരം ഹൈസ്കൂൾ ക്ലാസ്സുകൾ ആരംഭിക്കാനുള്ള അനുവാദം ലഭിച്ചു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ ചാത്തന്നൂർ ഗ്രാമ പഞ്ചായത്ത് ഏറം വാർഡിൽ ചാത്തന്നൂർ ശ്രീ നാരായണ കോളേജിനോട് ചേർന്ന് 2003 ജൂൺ 7 ന് 54 വിദ്യാർത്ഥികളുമായി സ്കൂൾ പ്രവർത്തനമാരംഭിച്ചു. ബഹുമാനപ്പെട്ട ശ്രീ നാരായണ ട്രസ്റ്റ് സെക്രട്ടറിയും സ്കൂൾ മാനേജരുമായ ശ്രീ വെള്ളാപ്പള്ളി നടേശൻ സ്കൂളിന്റെ പ്രവർത്തനോത്ഘാടനം നിർവ്വഹിച്ചു. 2004 ജൂണിൽ പ്ലസ്സ് 2 ക്ലാസ്സുകൾ തുടങ്ങുവാനുള്ള ആനുവാദവും ലഭിച്ചു.


ചാത്തന്നൂർ ഗ്രാമ പഞ്ചായത്ത് വിഭജിച്ച് ചിറക്കര പഞ്ചായത്ത് രൂപീകൃതമായപ്പോൾ സ്കൂൾ ചിറക്കര പഞ്ചായത്തിലെ ഉളിയനാട് വാർഡിലായി. നിലവിൽ ഹൈസ്കൂൾ വിഭാഗത്തിൽ 418 വിദ്യാർത്ഥികളും ഹയർസെക്കന്ററി വിഭാഗത്തിൽ 480 വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്. ഹൈസ്കൂൾ വിഭാഗത്തിൽ അദ്ധ്യാപകരായി 20 പേരും അനദ്ധ്യാപകരായി 4 പേരും ജോലി ചെയ്യുന്നു. ഹയർസെക്കഡറി വിഭാഗത്തിൽ അദ്ധ്യാപകരായി 23 പേരും അറ്റെൻഡർമാരായി 2 ജീവനക്കാരും ഉണ്ട് പാഠ്യ വിഷയത്തിലും പാഠ്യേതര വിഷയത്തിലും ഒരു പോലെ ശ്രദ്ധ ചെലുത്തുന്നു. ആദ്യ വർഷം തന്നെ സ്കൂൾ യുവജനോത്സവത്തിന് കാവ്യകേളിയിൽ സംസ്ഥാന തലത്തിൽ ബിൻസി മോഹന് 2-)0 സ്ഥാനം ലഭിച്ചു.

| |
|---|
| വന്യൂ ജില്ല |
| കൊല്ലം |
| വിദ്യാഭ്യാസ ജില്ല |
| കൊല്ലം |
| ഉപജില്ല |
| ചാത്തന്നൂർ |
| ബ്ലോക്ക് പഞ്ചായത്ത് |
| ഇത്തിക്കര |
| പ്രധാന അദ്ധ്യാപിക |
| കൃഷ്ണകുമാരി.കെ |
| പി.ടി.എ. പ്രസിഡണ്ട് |
| പി.ആർ.സജീവൻ |

# SREENARAYANA TRUSTS HIGHER SECONDARY SCHOOL



- Address:SN Trust's HSS ,Karamcodu P O,Chathannoor,Kollam
- Pincode:691579
- Phone.No:04742595770
- E-mail:41104klm@gmail.com
- School code:41104
- School level:8-12
- Medium:English,Malayalam
- Principal:Preeyadarsini S
- Headmistress:Krishnakumary K
- Clubs:LITTLE KITES,JRC,SCOUT AND GUIDE,MATHS CLUB,SS CLUB,VIDYARANGAM,ENGLISH CLUB,GANDHI DARSAN CLUB,SCIENCE CLUB
- NCC GIRLS(HSS),NSS



# ശ്രീ നാരായണ ഗുരു

"ഒരു ജാതി
ഒരു മതം ഒരു ദൈവം
മനുഷ്യന്."

# ആമുഖം

ചാത്തന്നൂർ എസ്.എൻ.ട്രസ്റ്റ് ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ് കൂട്ടായ്മ തയ്യാറാക്കിയ 2023-2024 ലെ ഡിജിറ്റൽ മാഗസിനാണ് E-തരംഗം.സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ് പരിശീലനത്തിൽ സ്വായത്തമാക്കിയ ഡിജിറ്റൽ സങ്കേതങ്ങൾ ഉപയോഗിച്ച് തയ്യാറാക്കിയ കൊച്ചു കൂട്ടുകാരുടെ സർഗ്ഗ സൃഷ്ടികളുടെ ഒരു സമാഹാരമാണിത്.

സ്നേഹാദരങ്ങളോടെ ,

ടീം ലിറ്റിൽ കൈറ്റ്സ് 2022-2025

എസ്.എൻ.ടി.എച്ച്.എസ്.എസ്
ചാത്തന്നൂർ



# B.B.GOPAKUMAR

# SCHOOL RDC

# ഉള്ളടക്കം

ആശംസ ....................................................................8-9
എഡിറ്റോറിയൽ ബോർഡ് ....................................................................10
എഡിറ്റോറിയൽ ....................................................................11
എസ് . എൻ . ടി . എച്ച് . എസ് . എസ് സ്റ്റാഫ്സ് ....................................................................12
ഫ്രണ്ട്സ് ....................................................................13
ക്വിസ് എബൗട്ട് ഇന്ത്യ ....................................................................14
ശ്രേഷ്ഠഭാഷക്ക് ആദരവോടെ ....................................................................15
ജീവചരിത്രക്കുറിപ്പ് ....................................................................16
കണ്ടാലറിയാത്തത് ....................................................................17
മഴത്തുള്ളികൾ....................................................................18
ഓർമയിലെ മുറിപ്പാടുകൾ ....................................................................19
എവിടേക്ക് പോയി പ്രകാശം ....................................................................20
റിഡിൽസ്....................................................................21
വിശക്കുന്നവന്റെ മാണിക്യം ....................................................................22
പുതുവർഷം ....................................................................23
കേരള ക്വിസ് ....................................................................24
ജീവചരിത്ര കുറിപ്പ് ....................................................................25-26
കുസൃതിച്ചോദ്യങ്ങൾ ....................................................................27
ഡിജിറ്റൽ പെയിന്റിംഗ് ....................................................................28-29
നേട്ടങ്ങൾ ....................................................................30-31
സമ്മാന വിതരണം ....................................................................32
റിപ്പബ്ലിക് ദിനാഘോഷങ്ങൾ ....................................................................33
കൗൺസിലിങ് ക്ലാസ് ....................................................................
ശാസ്ത്രമേളാ വിജയികൾ....................................................................34
ഇംഗ്ലീഷ് ഫെസ്റ്റ് ....................................................................35
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ....................................................................36-38
നന്ദി....................................................................39

# ആശംസ



***HEAD MISTRESS***

***KRISHNA KUMARI.K***

**ആനന്ദത്താൽ അനന്ത വിസ്മയം തീർക്കുന്ന സുന്ദര കാലം,നിഷ്കളങ്കതയുടെയും ജിജ്ഞാസയുടെയും ,കണ്ടെത്തലുകളുടെയും കാലം....സ്കൂൾ കാലഘട്ടം .നിങ്ങളുടെ സ്കൂൾ കാലഘട്ടത്തിൽ എന്നും ഓർക്കാനായി അഭിമാനിക്കാനായി നമ്മുടെ സ്കൂളിലെ littlte kites പ്രതിഭകൾ ഒരുക്കിയ സ്നേഹ വിരുന്ന് -E തരംഗം ഡിജിറ്റൽ മാഗസിൻ .അധ്വാനത്തിന്റെ ,കൂട്ടായ്മയുടെ അടയാളമാണ് .വിരൽ തുമ്പിൽ വിസ്മയം തീർക്കുന്ന നമ്മുടെ പുതു തലമുറയ്ക്ക് E -തരംഗം ഒരു തരംഗമായി മാറട്ടെ .ഇതിനു നേതൃത്വം നൽകിയ LITTLE KITES മിസ്ട്രെസ്സുമാരായ രശ്മി ടീച്ചർ ,ദീജ ടീച്ചർ,എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ എന്നിവർക്ക് അഭിനന്ദനങ്ങൾ .**

# ആശംസ



PRINCIPAL
PREEYADARSINI.S

**ചാത്തന്നൂർ എസ്.എൻ.ട്രസ്റ്റ് ഹയർ സെക്കന്ററി സ്കൂളിലെ 2022-2025 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പുറത്തിറക്കുന്ന E-തരംഗം ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.**

# EDITORIAL BOARD

## STAFF EDITORS



[illegible]

## CHIEF EDITOR



[illegible]

## CO-EDITORS



**NAIR DRESHYA**
**9 B**



**RAHNA.R**
**9 B**



**NIFIYA.S.R**
**9 B**



**LEKXMI B**
**9B**

# എഡിറ്റോറിയൽ

സ്വായത്തമാക്കിയ അറിവുകൾ പ്രയോഗിക്കുമ്പോഴാണ് അത് കൂടുതൽ മൂല്യമുള്ളതാകുന്നത്.....

അതിനുള്ള അവസരമായിട്ടാണ് E-തരംഗം ഡിജിറ്റൽ മാഗസിൻ രൂപീകരണം എനിക്കും എന്റെ കൂട്ടുകാർക്കും അനുഭവപ്പെട്ടത്. ഭാഷ, ശാസ്ത്ര, സാങ്കേതിക മേഖലകളിലെ കുട്ടികളുടെ മുന്നേറ്റങ്ങൾ, സഹമനോഭാവത്തിന്റെയും, കൂട്ടായ്മയുടെയും, മാനുഷികമൂല്യങ്ങളുടെയും ചിത്രങ്ങൾ ഈ മാഗസിനിലൂടെ വരച്ചുകാട്ടാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. ഈ ഉദ്യമത്തിന് പരിപൂർണ പിൻതുണ തന്ന അധ്യാപകരോടും സഹകരിച്ച കൂട്ടുകാരോടും നന്ദി അറിയിക്കുന്നു.



# *TEACHING STAFFS*



# *NON-TEACHING STAFFS*



# Friends....

There are some people,
Who are not blood relation
But give the love and care of our own blood
There are some,those,who
Treat us like mother,scold us like a father
Fight like a brother,
Care like a sister
It is not between boy or girl
But it is between two souls
Who love each other
Like our sibilings........





RADHU.S

# QUIZ ABOUT INDIA





NAIR DRESHYA

9B

## ശ്രേഷ്ഠഭാഷക്ക് ആദരവോടെ

മലയാളത്തെ ശ്രേഷ്ഠഭാഷയായി അംഗീകരിക്കണം എന്ന കേരളത്തിന്റെ ആവശ്യത്തിന് 2013മേയിലാണ് കേന്ദ്രമന്ത്രിസഭാ അംഗീകാരം നൽകിയത്. മലയാളഭാഷയുടെ 1500 വർഷത്തെ പൈതൃകവും പാരമ്പര്യവും കണക്കിലെടുത് കേന്ദ്രസാഹിത്യ  അക്കാദമിയുടെ ഉപസമിതിശ്രേഷ്ഠഭാഷ പദവി മലയാളത്തിന് നൽകാമെന്ന ശുപാർശ സാംസ്കാരിക മന്ത്രാലയത്തിന് കൈമാറി . ഉപസമിതിയുടെ ശുപാർശ കേന്ദ്രസാംസ്കാരിക മന്ത്രാലയം അംഗീകരിച്ച് കേന്ദ്രമന്ത്രിസഭയുടെ പരിഗണനയ്ക്ക്  സമർപ്പിച്ചു. അങ്ങനെ മലയാളം ശ്രേഷ്ഠപദവിയിലേക്ക് ഉയർത്തപ്പെട്ടു.ശ്രേഷ്ഠപദവി ലഭിക്കുന്ന രാജ്യത്തിലെ അഞ്ചാമത്തെ ഭാഷയാണ് മലയാളം.

ശ്രേഷ്ഠഭാഷ പദവി ലഭിച്ചതിന്  പുറമെ ഭാഷയെ അംഗീകരിക്കുന്ന സർക്കാർ നിലപാടുകളും  വന്നു. മലയാള ഭാഷാപഠനം സർക്കാർ ജോലിയ്ക്ക് നിർബന്ധമാക്കി . മലയാളം പഠിപ്പിക്കാത്ത വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകരുതെന്ന്  നിയമസഭാ സമിതി ശുപാർശ ചെയ്തു. സംസ്ഥാന സർക്കാർ വകുപ്പുകളിൽ ജോലി ലഭിക്കണം എങ്കിൽ മലയാളം പഠിച്ചിട്ടില്ലാത്തവർ തുല്യ പരീക്ഷ എഴുതണം. ഭാഷയുടെ പുരോഗതി ഉതകുന്ന കാര്യങ്ങൾ ഉൾപ്പെടുത്തി മലയാള ഭാഷാനിയമം കൊണ്ടുവരാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ഇങ്ങനെ ആദരവിന്റെ നെറുകയിൽ മലയാള ഭാഷ നിലനിൽക്കുമ്പോഴും എവിടേയോ എന്തൊക്കയോ കുറവുകൾ  അനുഭവപ്പെടുന്നില്ലേ? മാതൃഭാഷയായ മലയാളത്തോട് ഇളംതലമുറയ്ക്ക് താൽപ്പര്യമില്ലതെയാവുന്നു. കുട്ടികൾക്ക് ലോകത്തെ അറിയാനുള്ള ആദ്യത്തെ പടവുകൾ തീർച്ചയായും അവന്റെ മാതൃഭാഷതന്നെയാണ് .  സ്വന്തം നാടും നാട്ടറിവുകളും ആചാരങ്ങളും വിശ്വാസങ്ങളും മാതൃഭാഷയിലൂടെ അറിഞ്ഞാലേ സഫലമാവുകയുള്ളൂ. അറിവിന്റെ വിശാലമായ ചക്രവാളങ്ങൾ  തേടിപ്പോവാൻ തീർച്ചയായും അന്യഭാഷ അറിഞ്ഞിരിക്കണം. ആ അറിവ് മാതൃഭാഷയെ തള്ളിപറഞ്ഞുകൊണ്ടാവരുത്.  മാതൃഭാഷ ,അയിത്തം കൽപ്പിച്ച മാറ്റിനിർത്തേണ്ട ഒന്നാണ് എന്ന ധാരണ പുതിയ തലമുറയുടെ കുട്ടികളിൽ വളർത്താതിരിക്കാൻ മുതിർന്നവർ ശ്രമിക്കണം .ആ ധാരണ  മാറ്റിയില്ലെങ്കിൽ നാം വീണ്ടും അടിമത്വത്തിലേക്ക് നയിക്കേണ്ടിവരും എന്ന്  പറയേണ്ടിവരും. മലയാളം പറയാൻ കഴിയുന്നത്തിലും മലയാളി എന്ന്  പറയുന്നതിലും നമുക്ക് അഭിമാനിക്കാം.

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യനു പെറ്റമ്മ തൻ ഭാഷതാൻ
മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണ വളർച്ചനേടൂ."





RAHNA.R
9B

# ജീവചരിത്രക്കുറിപ്പ്

## 1.ചങ്ങമ്പുഴ കൃഷ്ണപിള്ള

(1911-1948)

എറണാകുളത്തെ ഇടപ്പള്ളിയിൽ ജനനം.കാല്പനിക പ്രസ്ഥാനത്തിൽ ശ്രദ്ധേയൻ.രമണൻ,ബാഷ്പാഞ്ജലി,സങ്കല്പകാന്തി,സ്പന്ദിക്കുന്ന അസ്ഥിമാടം,പാടുന്ന പിശാച്,സ്വരരാഗസുധ,യവനിക,കളിത്തോഴി,അമൃത വീചി,രക്തപുഷ്പങ്ങൾ തുടങ്ങിയവ പ്രധാന കൃതികൾ.നിരവധി വിവർത്തന കൃതികളും ചങ്ങമ്പുഴയുടേതാണ്.

## 2.എം.പി പോൾ

(1904-1954)

വാരാപ്പുഴയിൽ ജനിച്ചു ചങ്ങനാശ്ശേരി എസ്.ബി കോളേജ്,തൃശ്ശൂർ സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിൽ പ്രൊഫസർ ആയിരുന്നു പുരോഗമനസാഹിത്യ സംഘടനയുടെ സ്ഥാപകാധ്യക്ഷൻ,സാഹിത്യ പ്രവർത്ത സഹകരണ സംഘത്തിന്റെ ആദ്യ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു

പ്രധാന കൃതികൾ

നോവൽ സാഹിത്യം,ചെറുകഥാ പ്രസ്ഥാനം സൗദര്യ നീരീക്ഷണം,ഗദ്യഗെഡി,സാഹിത്യ വിചാരം .


## 3.ആറ്റൂർ രവിവർമ്മ

1936 ൽ തൃശ്ശൂർ ജില്ലയിലെ ആറ്റൂരിൽ ജനനം .കോളേജ് അധ്യാപകനായിരുന്നു .ആറ്റൂർ രവിവർമ്മയുടെ കവിതകൾ വിവർത്തനങ്ങൾ ജെ.ജെ ചില കുറിപ്പുകൾ ഒരു പുളി മരത്തിന്റെ കഥ പുതുനാന്നൂറ് (തമിഴ് പുതു കവിത ) ഭക്തി കാവ്യം (മധ്യ കാല തമിഴ് കവിത ) കവിതയ്ക്കും വിവർത്തനത്തിനും കേന്ദ്ര സാഹിത്യ അക്കാദമിയുടെയും കേരളം സാഹിത്യ അക്കാദമിയുടെയും അവാർഡ് ലഭിച്ചു .




ABHIRAM .B.S
9B

# കഥ-കണ്ടാലറിയാത്തത്



ചില മനുഷ്യരെ നേരിട്ട് കാണുമ്പോൾ നമുക്ക് ബഹുമാനിക്കാൻ തോന്നുകയില്ലേ?എന്താണ് കാരണം?അവരിൽ എന്തോ പ്രത്യേകതളുണ്ടെന്നു നമുക്ക് തോന്നി പോകുന്നു.അങ്ങനെയുള്ള ഒരാൾ ഒരിക്കൽ തീവണ്ടിയിൽ യാത്ര ചെയ്യുകയായിരുന്നു.ഒത്ത ശരീരം ; തങ്കത്തിന്റെ നിറം ;തേജസ്സുറ്റ മുഖം .അദ്ദേഹം വെളുത്ത മുണ്ടാണ് ഉടുത്തിരുന്നത്.വെളുത്ത നേര്യതു കൊണ്ട് ദേഹം പുതച്ചിരിക്കുന്നു.മുണ്ഡനം ചെയ്ത ശിരസ്സും മുഖകാന്തിയും ചേരുമ്പോൾ അദ്ദേഹം ഏതോ ദിവ്യ പുരുഷനാണെന്ന് ആർക്കും തോന്നും. ഏതോ ചിന്തയിൽ ലയിച്ചതു പോലെ മൗനത്തിൽ ഒതുങ്ങി ഇരിക്കുന്നു ആ വ്യക്തി.ആരാണെന്നറിയാൻ അടുത്തിരിക്കുന്ന ചിലർക്ക് ആഗ്രഹമുണ്ടായി അവരിലൊരാൾ അദ്ദേഹത്തോട് ചോദിച്ചു.

"എങ്ങോട്ടു പോകുന്നു ?"
അദ്ദേഹം മറുപടി പറഞ്ഞു:
"ആലുവയിലേക്ക്"
ഗംഭീരമായ ശബ്ദം.അപ്പോൾ ,അധികം ഭവ്യതയോട്ടുകൂടി സഹയാത്രക്കാരൻ ചോദിച്ചു :
"പേരെന്താണ്?"
"നാരായണൻ "
ഇത്രയും അറിഞ്ഞതുകൊണ്ട് മാത്രം അടുത്തിരിക്കുന്നവർക്ക് തൃപ്തിയായില്ല.ഒരു ചോദ്യം കൂടി അവരിലൊരാൾ ചോദിച്ചു:
"ജാതിയിൽ ആരാണ്?"
ആ ചോദ്യം കേട്ടപ്പോൾ ആ ദിവ്യപുരുഷൻ ശിരസ്സുയർത്തി എല്ലാവരെയും നോക്കി . എന്നിട്ട് ഒരു ചോദ്യം തിരികെ ചോദിച്ചു :
"കണ്ടിട്ട് മനസിലായില്ലേ?"
അടുത്തിരുന്നവർ പറഞ്ഞു.
"ഇല്ല,മനസിലായില്ല.കണ്ടത് കൊണ്ട് മാത്രം ജാതിയേതാണെന്നു മനസിലാക്കാൻ കഴിയില്ലല്ലോ?"
അപ്പോൾ അദ്ദേഹംചോദിച്ചു
"കണ്ടാൽ മനസ്സിലായില്ലെങ്കിൽ പിന്നെ എങ്ങനെ കേട്ടാൽ മനസിലാകും?"
മുഴങ്ങുന്ന ശബ്ദത്തിലുള്ള ആ ചോദ്യം കേട്ടപ്പോൾ എല്ലാവരും നിശബ്ദരായി.അതിനെന്താണ് ഉത്തരം പറയേണ്ടതെന്ന് അവർക്കു നിശ്ചയമില്ലായിരുന്നു.
തേജസ്വിയായ അദ്ദേഹം ആലുവയിൽ ഇറങ്ങി. അദ്ദേഹത്തെ കാത്തു അനേകം പേർ അവിടെ നിൽക്കുന്നുണ്ടായിരുന്നു . അവർ ഭക്തിയോടെ വണങ്ങി അദ്ദേഹത്തെ സ്വാഗതം ചെയ്തു .
അദ്ദേഹത്തോടൊപ്പം യാത്രചെയ്തിരുന്നവർക്ക് അപ്പോഴണ് ആളാരാണെന്നു മനസിലായത് . ശ്രീ നാരായണ ഗുരു സ്വാമിയായിരുന്നു അദ്ദേഹം .
"കണ്ടിട്ട് മനസിലായില്ലേ ?" എന്ന് ജാതിയെ പറ്റി അദ്ദേഹം ചോദിച്ചതിന്റെ അർത്ഥമെന്താണെന്ന് അപ്പോൾ അവരിൽ ചിലർക്ക് ഊഹിക്കാൻ കഴിഞ്ഞു ."ഒരു ,ജാതി ഒരു മതം,ഒരു ദൈവം മനുഷ്യന് എന്ന സന്ദേശം വിളംബരം ചെയ്ത മഹാനാണ് അദ്ദേഹം .



DEVIKA.D.R .
9.C

## മഴത്തുള്ളികൾ

"ഓരോ മഴത്തുള്ളികൾക്കും

ഓരോ കഥകൾ പറയാനുണ്ട്

എല്ലാത്തിനും സാക്ഷിയായവൾ

ഭൂമിയിൽ പതിക്കുമ്പോൾ ആ

കഥകളും അവളുടെ ഒപ്പം മണ്ണിൽ

അലിഞ്ഞു ചേരുന്നു .എല്ലാം

മറന്നു വീണ്ടും മഴയായി

പെയ്തിറങ്ങാൻ."

മഴകൾ പെയ്തൊഴിയട്ടെ സൂര്യന്റെ കിരണങ്ങളുടെ പ്രകാശം ഇരുൾ നീക്കി

പുറത്തുവരുന്നതിനായി നമുക്ക് കാത്തിരിക്കാം .

LEKXMI. B
9B



# ഓർമയിലെ മുറിപ്പാടുകൾ

നാവിന്റെ നിദ്രയിൽ മയങ്ങുമെൻ
മനസ്സിനെ മണ്ണൊഴുക്കിതാ വിളിച്ചുണർത്തുന്നു..............
ഞെട്ടിക്കഴിഞ്ഞു ഞാൻ ആകെ
അവശനായി നെഞ്ചോട്
മെല്ലെ കരം പിടിച്ചു ...............
സ്നേഹത്താൽ നെയ്തെടുക്കാവുന്ന
ബന്ധങ്ങൾ ഇന്നിവിടെ മരണവേദനയിൽ ..............
ഒരായുസ്സിന്റെ കനവുകൾ തട്ടി തെറിപ്പിച്ച് പുഴ പോലെ
ഒഴുകുന്നെൻ ഉമ്മറത്ത്
വിയർപ്പിന്റെ ഗന്ധം ഒഴിയാത്ത
എൻ ഭവനം ഭാവനയോടെ മണ്ണടിഞ്ഞു ..............
ബാക്കി വച്ചു നീ എന്നെ മാത്രം..............
നീറുന്ന ഓർമപോൽ എരിയുന്ന എൻ മനം
ജീവശ്ശവത്തിന്റെ തേങ്ങൽ പോലെ..............
തിരികെ പിടിച്ച നിൻ ഭൂമിയിൽ ഇനിയും
മിച്ചമുണ്ട് മഴകൊണ്ട് മുറിവേറ്റ
ഹൃദയങ്ങൾ ..............



ABHIRAMI .B.R
9.C



# എവിടേക്കു പോയി പ്രകാശം




മാഞ്ഞുപോയോ ,നിൻ കണങ്ങൾ

അകന്നുപോയോ നിൻപ്രകാശം

ചുറ്റിലുംഇരുട്ട് പരക്കുന്നു

തിന്മയിലോ നാശത്തിന്റെ ഇരുട്ട്

ലോകമേ ക്രൂരതകൾ നടനമാടവേ

അറിയുന്നു ഞാൻ നിന്റെ വെളിച്ചം

അലറി വിളിക്കുന്ന സ്ത്രീത്വം

കീറി വിളിക്കുന്ന മാതൃത്വം

ചതഞ്ഞരഞ്ഞ ബാല്യങ്ങൾ

കൊലവിളി മുഴുകുന്ന ചുറ്റിലും

വറ്റിയോ സ്നേഹത്തിൽ ഉറവകൾ

മാഞ്ഞുപോയോ ദയ തൻ കണങ്ങളും

എവിടേയും ചോരയുടെ ഗന്ധം

വേദനയുടെ വിളി ജീവന്റെ ഗർജനം

നീറുന്നു എൻ ഹൃദയം

പ്രതികരിക്കാൻ നമുക്ക്

തിരികെ വരുത്തണം ദൈവപ്രകാശത്തെ

പ്രകാശിക്കണം . ഈ ലോകം മുഴുവൻ

' നന്മയിൽ '

**RAHNA.R**
**9B**

# Riddles

1. I am full of holes I can hold water. What am I?
Sponge

2. What gets wet when drying?
Towel

3. How many letters are there in the alphabet?
8 [A,L,P,H,A,B,E,T]

4. What has many keys but cannot open a single lock?
A piano

5.You brought me to eat but never eat me?
Plate



6. Bow that can’t be tied?
Rainbow

7. What is the richest nut?
Cashew

8. I am tall when I am young, and I am short when I am old. Who am I?
Candle



**NIFIYA.S.R**
**9B**

# കഥ - വിശക്കുന്നവന്റെ മാണിക്യം

ഒരിക്കൽ ഒരു പൂവൻകോഴി മുറ്റത്തു കൊത്തിപ്പെറുക്കിനടക്കുകയായിരുന്നു.തിന്നാനുള്ളതെന്തെങ്കിലും കിട്ടുമോ?അതായിരുന്നു പൂവൻ കോഴിയുടെ വിചാരം."ങ്ഹേ.......അതെന്താ തിളങ്ങുന്നത്"ഒരു കല്ല് കണ്ടു കോഴി അങ്ങോട്ട് ചെന്നു.വല്യ വിലയുള്ള ഒരു മാണിക്യമായിരുന്നു അത്.പൂവൻകോഴി അതിൽ ഒന്ന് രണ്ടു തവണ കൊത്തിനോക്കി."കൊക്കരക്കോ........ഇത് തിന്നാൻ കൊള്ളില്ല." കോഴി മാണിക്യമുപേക്ഷിച്ചു വീണ്ടും കരിയിലകൾക്കിടയിൽ തുടങ്ങി. അത് കണ്ട് ഒരു കാക്ക പറഞ്ഞു "മണ്ടൻ കോഴി........വലിയ വിലയുള്ള മാണിക്യമാണ് നീ ഉപേക്ഷിച്ചു പോയത് അറിയാമോ." അപ്പോൾ കോഴി പറഞ്ഞു "ആയിരിക്കാം അതുകൊണ്ടെന്താ? വിശന്നു പൊരിഞ്ഞ എനിക്ക് വേണ്ടത് ആഹാരമാണ്.വിശക്കുന്നവന്റെ മുന്നിൽ ആഹാരത്തിനാണ് വില. മനുഷ്യർക്ക് വിലപ്പെട്ട ആ കല്ലുകൊണ്ട് എനിക്കെന്തു ഗുണം?കരിയിലകൾക്കിടയിൽ ചികഞ്ഞു ഒരു മണ്ണിരയെ പിടിച്ചുകുടി തിന്നു കോഴി തൃപ്തിയോടെ നടന്നു പോയി.





ANAKHA BIJU

9C

# കവിത - പുതുവർഷം

പുതുവർഷത്തിന്റെ  പൂമുഖ വാതിലിൽ
പുതിയ കാറ്റും വെളിച്ചവും,സൂര്യനും
പുതിയ വർണ്ണങ്ങൾ പൂവുകൾ കാലമേ,
നിറയെ നന്മകൾ പൂക്കട്ടെ  ചുറ്റിനും,
ലോകമെങ്ങും തളിർക്കട്ടെ കരുണയിൽ,
സ്നേഹമെന്ന  പൂക്കാലവും പുത്തനാം
വർഷമേ വരിക ഞങ്ങളിൽ വാർഷിക
പുതിയ സ്വപ്നങ്ങൾ പുത്തൻ പ്രതീക്ഷകൾ...........





ANAKHA BIJU
9C

# കേരള ക്വിസ്

1. കേരള സംസ്ഥാനം രൂപീകൃതമായത്
   1956 നവംബർ ഒന്ന്
2. യൂനസ്കോ അംഗീകാരം ലഭിച്ച കേരളീയ കലാരൂപങ്ങൾ
   കഥകളി , കൂടിയാട്ടം
3. കേരളത്തിന്റെ വിസ്തീരണം
   38,863 ചതുരശ്രകിലോമീറ്റർ
4. കേരളത്തിലെ ഏറ്റവും വലിയ ജില്ല
   ഇടുക്കി
5. കേരളത്തിലെ ഏറ്റവും ചെറിയ ജില്ല
   ആലപ്പുഴ
6. കേരളത്തിലെ ഔദ്യോകിക ഭാഷ
   മലയാളം
7. കേരളത്തിന്റെ ഔദ്യോഗിക പാനീയം
   ഇളനീർ
8. അറബിക്കടലിന് സമാന്തരമായി സ്ഥിതി ചെയുന്ന പർവത നിര
   പശ്ചിമഘട്ടം
9. കേരളത്തിലെ പശ്ചിമഘട്ടത്തിൽ നിലകൊള്ളുന്ന പ്രധാന മഴക്കാട്
   സൈലന്റ് വാലി
10. കേരളത്തിലെ കടൽത്തീരമില്ലാത്ത ജില്ലകൾ
    വയനാട് ,ഇടുക്കി,പാലക്കാട്,കോട്ടയം,പത്തനംതിട്ട
11. കേരളത്തിലെ ഏറ്റവും ആഴം കൂടിയ തുറമുഗം
    വിഴിഞ്ഞം
12. കേരളഭൂമിയുടെ 70 ശതമാനം ഭാഗത്തും കാണുന്ന മണ്ണ്
    ലാറ്ററൈറ്റ് മണ്ണ്
13. കേരളത്തിന്റെ ഏറ്റവും തെക്കേയറ്റത്തുള്ള നദി
    നെയ്യാർ
14. ഇടുക്കി ടാം സ്ഥിതി ചെയുന്ന നദി
    പെരിയാർ
15. മരത്തിന്റെ പേരിൽ അറിയപ്പെടുന്ന കേരളത്തിലെ ഏക വന്യജീവി സങ്കേതം
    ചെന്തുരുണി വന്യജീവി സങ്കേതം (കൊല്ലം )

NAIR DRESHYA
9B



# ജീവചരിത്ര കുറിപ്പ്

## എൻ.പി. മുഹമ്മദ്
## (1928 -2003)

**കോഴിക്കോട് ഇടിങ്ങരയിൽ ജനനം. സ്വാതന്ത്ര്യസമര സേനാനിയായ എൻ.പി അബുവിന്റെ പുത്രൻ. പത്രപ്രവർത്തകനും,എഴുത്തുകാരനും. മരം,ഹിരണ്യ,എണ്ണപ്പാടം,ദൈവത്തിന്റെ കണ്ണ് എന്നിവ പ്രധാന നോവലുകൾ. നല്ലവരുടെ ലോകം , തൊപ്പിയും തട്ടവും, പ്രസിഡന്റിന്റെ ആദ്യത്തെ മരണം എന്നിവ പ്രധാന ചെറു കഥകൾ.പുകക്കുഴലും സരസ്വതിയും, വീരരസം സി.വി.കൃതികളിൽ എന്നിവ നിരൂപണങ്ങൾ.എണ്ണപ്പാടത്തിന് കേരള സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു.**

## കെ.എം.മാത്യു
## (1917-2010)

**ജനിച്ചു.പ്രമുഖ പത്ര പ്രവർത്തകനും വ്യവസായിയും മലയാള മനോരമയുടെ ചീഫ് എഡിറ്ററും ആയിരുന്നു.പി.ടി.ഐ.ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റി തുടങ്ങിയവയുടെ നായകത്വം വഹിച്ചിട്ടുണ്ട്.1998 ൽ പത്മഭൂഷൺ നൽകി ആദരിച്ചു .അന്നമ്മ ,എട്ടാമത്തെ മോതിരം(ആത്മകഥ)എന്നിവയാണ് കൃതികൾ.**

## എം.എൻ.വിജയൻ
## (1930-2007)

കൊടുങ്ങല്ലൂരിനടുത്ത് ലോകമല്ലേശ്വരത്ത് ജനിച്ചു.അധ്യാപകൻ,നിരൂപകൻ,പ്രഭാഷകൻ എന്നീ നിലകളിൽ സാംസാരികരംഗത്തു നിറഞ്ഞുനിന്നു.പതിനഞ്ചാം വയസ്സിൽ 'അധ്യാത്മിക വിപ്ലവം'എന്ന ആദ്യ ലേഖനം പ്രസിദ്ധീകരിച്ചു.വൈലോപ്പിള്ളി,കേസരി എ.ബാലകൃഷ്ണൻ,വൈക്കം മുഹമ്മദ് ബഷീർ എന്നിവരെക്കുറിച്ചു മൗലികമായ പഠനങ്ങൾ നടത്തി.ചിതയില് വെളിച്ചം,മരുഭൂമികൾ പൂക്കുമ്പോൾ, കവിതയും മനഃശാസ്ത്രവും,ശീർഷാസനം,എം,എൻ.വിജയൻ സമ്പൂർണ്ണ കൃതിയിൽ എന്നിവ ഉൾപ്പടെ മുപ്പതിലേറെ കൃതികൾ രചിച്ചു.

## ഉള്ളൂർ എസ് പരമേശ്വരയ്യർ
## (1877-1949)

ചങ്ങനാശ്ശേരിയിൽ ജനനം
മഹാകവി ,സാഹിത്യചരിത്രകാരൻ,ഗവേഷകൻ,നിരൂപകൻ,പത്രാധിപർ,തിരുവിതാംകൂർ ഗവൺമെന്റിലെ ദിവാൻ പേഷ്കാർ തുടങ്ങിയ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. ഉമാകേരളം (മഹാകാവ്യം)കേരളസാഹിത്യചരിത്രം (5 ഭാഗങ്ങൾ)കർണഭൂഷണം, പിംഗള, ചിത്രശാല താരാഹാരം,തരംഗിണി, കല്പശാലഖി , അഭ്യതധാര, അംബ മുതലായവ പ്രധാന കൃതികൾ.

## വൈക്കം മുഹമ്മദ് ബഷീർ
## (1908 -1994 )


പ്രസിദ്ധ നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യം സമരപോരാളിയും 'ബേപ്പൂർ സുൽത്താൻ ' എന്ന് വിളിക്കപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ വൈക്കത്തെ തലയോല പറമ്പിൽ ജനിച്ചു .1930 ൽ കോഴിക്കോട് ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിൽ ആയി 'ഉജ്ജീവനം' എന്ന പത്രത്തിൽ എഴുതിയ തീപ്പൊരി ലേഖനങ്ങൾ ആണ് ആദ്യ കല കൃതികൾ .'പ്രഭ ' എന്ന തൂലിക നാമമാണ് അന്ന് അദ്ദേഹം സ്വികരിച്ചിരിക്കുന്നത് കുറെ വർഷങ്ങൾ .ഇന്ത്യ ഒട്ടാകെ അലഞ്ഞു തിരിഞ്ഞു .ഒമ്പതു വർഷത്തോളം നീണ്ട .ഈ യാത്രകളിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു



**MONEESH.S**

9B

# കുസൃതി ചോദ്യങ്ങൾ




1.നമുക്ക് ഉണ്ടാക്കാൻ പറ്റും , പക്ഷെ കാണാൻ പറ്റില്ല.
□□□□□□□□□□□□□□□□□□□□□□ ശബ്ദം
2.തല കുത്തിനിന്നാൽ വലുതാകുന്നത്.
6
3.കുടിക്കാൻ പറ്റുന്ന ഇംഗ്ലീഷ് അക്ഷരം.
T
4.മീൻ പിടിക്കാൻ പറ്റാത്ത വല.
കവല
5.കാലുകൾ ഇല്ലാത്ത ടേബിൾ.
ടൈംടേബിൾ
6.കുട്ടികൾ ഏറ്റവും ഇഷ്ടപ്പെടുന്ന ഊണ്.
കാർട്ടൂൺ
7.ജാതിമതം നോക്കാതെ എല്ലാരും തല കുനിക്കുന്നതു ആരുടെ മുന്നിൽ.
ബാർബർ
8.ദോശ ചുടാൻ എടുക്കുന്ന മരം.
മാവ്
9.മനുഷ്യന്മാർ താമസിക്കുന്ന വനം.
ഭവനം
10.കുടിക്കാൻ ഉപയോഗിക്കുന്ന ഇല.
തേയില
11.ആരും ആഗ്രഹിക്കാത്ത പണം.
ആരോപണം
12.കടയിൽ നിന്ന് വാങ്ങാൻ പറ്റാത്ത ജാം.
ട്രാഫിക് ജാം
13.ആരും ഇഷ്ടപെടാത്ത ദേശം.
ഉപദേശം
14.ആദ്യം പോകാൻ പറഞ്ഞിട്ട് പിന്നീട് തിരിച്ചുവിളിക്കുന്ന സ്ഥലം.
ഗോവ
15.ലൈസൻസ് ആവശ്യമില്ലാത്ത ഡ്രൈവർ.
സ്ക്രൂഡ്രൈവർ
16.ഭാഗ്യം ഇപ്പോൾ എന്ന് വിളിച്ചു പറയുന്ന സ്ഥലം.
ലക്നൗ
17.ആരും യാത്ര ചെയ്യാത്ത ബസ്.
സിലബസ്



18.പറയുമ്പോൾ നിറമുണ്ട് പക്ഷെ കാണുമ്പോൾ നിറമില്ല.
പച്ചവെള്ളം
19.എപ്പോഴും ചെവിയിൽ കാൽ വച്ചിരിക്കുന്നത് ആര്.
കണ്ണട
20.വർഷത്തിൽ ഒരിക്കൽ മാത്രം വരുന്ന ഗസ്റ്റ് ആരാണ്.
ഓഗസ്റ്റ്

*LEKXMI.B*
*9B*

# DIGITAL PAINTINGS








ADRIDATHAN

8 D



NIFIYA.S.R
9 B

# ***ACHIEVEMENTS***



***National School Games***
***50-m Freestyle***
***Silver Medalist***
***Balaji A Krishna***

സൗഹൃദം ചാരിറ്റബിൾ
സൊസൈറ്റി നടത്തിയ
കാർഷിക
പ്രശ്നോത്തരിയിൽ മൂന്നാം
സ്ഥാനം നേടിയ
അനഘ.എ , നായർ ദൃശ്യ
9B









Radhu.s

PARTICIPANT
National Roller scating
championship held at elgam



***SCHOOL SOFTBALL TEAM***

# *PRIZE DISTRIBUTION*













# REPUBLIC DAY CELEBRATION









# COUNSELLING CLASS








# ശാസ്ത്ര ഗണിത ശാസ്ത്ര പ്രവൃത്തി പരിചയ മേള വിജയികൾ







**SUBJILLA A GRADE**



# ENGLISH FEST












# 2021-2024 LK BATCH



# 2022-25 LK BATCH





# 2023-26 LK BATCH

# നന്ദി

അക്ഷരങ്ങളുടെയും, അറിവുകളുടെയും ലോകത്ത് പാറിക്കളിക്കുന്ന കുരുന്നുകൾക്ക് ഡിജിറ്റൽ സങ്കേതങ്ങൾ പുത്തനുണർവേകുന്നു. സ്വായത്തമാക്കിയ അറിവുകൾ പ്രയോഗത്തിൽ വരുത്താൻ വളരെ നല്ല പ്രയത്നമാണ് ലിറ്റിൽ കൈറ്റ്സ് 2022-2025 ബാച്ച് അംഗങ്ങൾ ഒത്തൊരുമിച്ച് നിർവഹിച്ചത്. സ്കൂളിലെ വിവിധ പ്രവർത്തന മികവുകളുടെ നേർക്കാഴ്ച്ചയും കൂടിയാണ് E-തരംഗം മാഗസിൻ. ഈ ഉദ്യമത്തിൽ സഹകരിച്ച എല്ലാ വ്യക്തിത്വങ്ങൾക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി.......



**RESMI S V**
**HST Physical Science**
**Kite Mistress**



**DEEJA RAJ S**
**HST Physical Science**
**Kite Mistress**